(സി) ഒന്നും രണ്ടും മാർക്കുകളുടെ കുറവുകൊണ്ടുമാത്രം പരാജിതരായിട്ടുള്ളവരുടെ സംഖ്യ എത്ര;

(ഡി) ഇവരിൽ ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും സംഖ്യ യഥാക്രമം എത്രവീതം?

ഉത്തരം.

(എ) 1330.

(ബി) 1438.

(സി) ഒന്നും രണ്ടും മാർക്കുകളുടെ കുറവുകൊണ്ട് ആരും പരാജിതരായിട്ടില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

ചങ്ങനാശ്ശേരി വെറ്ററിനറി ഡിസ്പെൻസറി.

47. [50] ശ്രീ. എൻ. പരമേശ്വരൻ പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരിയിലെ വെറ്ററിനറി ഡിസ്പെൻസറിയുടെ അപര്യാപ്തതയെക്കുറിച്ച് ഗവണ്മെന്റിന് നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) ടി ഡിസ്പെൻസറി ഒരു മൃഗാശുപത്രിയായി ഉയർത്തി വേണ്ട സജ്ജീകരണങ്ങളും, ഡാക്ടറെയും ഉണ്ടാക്കുന്നതിനു നടപടി എടുക്കുമോ?

ഉത്തരം.

(എ) ഇല്ല.

(ബി) പുതിയ ആശുപത്രികൾ തുടങ്ങുമ്പോൾ ഇതുകൂടി പരിഗണിക്കുന്നതാണ്.

Supply of Electricity to Karinkal.

48. [51] SHRI R. PONNAPPA NADAR: Will the Minister for Works be pleased to state:

(*a*) when was sanction accorded for the supply of Electricity to Karinkal conservancy town;

(*b*) will the budget allotment for this work be spent this year; and

(*c*) can we expect the supply of current to the consumers this year?

Answer.

(*a*) The work was sanctioned in 9/53.

(*b*) Yes.

(*c*) Yes.

LIBRARY ARCHIVES Kerala Legislative Assembly